പരിശോധിച്ചുവരുന്നു. കോഴ്സിനെ സംബന്ധിച്ച അവ്യക്തത, സ്വകാര്യമേഖലയിൽ പാരാമെഡിക്കൽ കോഴ്സിലേക്കുള്ള ഫീസ് നിശ്ചയിക്കൽ, ഈ വർഷം മുതൽ നടപ്പിലാക്കിയ എസ്. എസ്. എൽ. സി. ഗ്രേഡിംഗ് സമ്പ്രദായം അനുസരിച്ച് യോഗ്യത നിശ്ചയിക്കൽ തുടങ്ങിയ കാരണങ്ങളാൽ നടപടിക്രമങ്ങളിലുണ്ടായ ഒഴിച്ചുകൂടാനാവാത്ത കാലതാമസമല്ലാതെ മറ്റ് കാലതാമസമൊന്നും സർക്കാരിന്റെ ഭാഗത്തുനിന്നും വന്നിട്ടില്ല.

(ഇ) വിശദമായി പരിശോധിച്ച് നടപടി സ്വീകരിക്കുന്നതാണ്.

ആയുർവേദ വകുപ്പിലെ അറ്റന്റർ, നേഴ്സിംഗ് അസിസ്റ്റന്റ് തസ്തികകൾ

147 [2583] *ശ്രീ. കെ. പി. മോഹനൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആയുർവേദ ആശുപത്രികളിൽ പഞ്ചകർമ്മ ചികിത്സാപരിശീലനം നേടാത്ത നഴ്സിംഗ് അസിസ്റ്റന്റുമാർ പഞ്ചകർമ്മ ചികിത്സയുമായി ബന്ധപ്പെട്ട പ്രവൃത്തികൾ നടത്തുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പഞ്ചകർമ്മ ചികിത്സാപരിശീലനം നേടിയിട്ടുള്ള നഴ്സിംഗ് അസിസ്റ്റന്റുമാർക്ക് 'മാസിയർ' തസ്തികയിലേക്ക് ടി പ്രൊമോഷൻ നൽകി അവരുടെ സേവനം ഇതിലേക്ക് പ്രയോജനപ്പെടുത്താൻ നടപടി സ്വീകരിക്കുമോ;

(സി) ആയുർവേദ വകുപ്പിൽ അറ്റന്റർ, നഴ്സിംഗ് അസിസ്റ്റന്റ് എന്നീ തസ്തികയിലുള്ളവരുടെ ജോലി എന്താണെന്ന് വ്യക്തമാക്കാമോ;

(ഡി) ആയുർവേദ വകുപ്പിൽ കുക്ക് തസ്തികയിൽ പാർട്ട് ടൈം സ്വീപ്പർമാരെ പ്രൊമോഷൻ നൽകി നിയമിക്കുന്നതിന് സ്പെഷ്യൽ റൂൾസിൽ ഭേദഗതി വരുത്താൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) മാസ്സിയർ/ പഞ്ചകർമ്മ അസിസ്റ്റന്റ് എന്നീ തസ്തികകളിൽ ജോലി ചെയ്യുന്നവരാണ് പഞ്ചകർമ്മ ചികിത്സകൾ ചെയ്യുന്നത്. എന്നാൽ പഞ്ചകർമ്മ അസിസ്റ്റന്റ്/മാസ്സിയർ ഇല്ലാത്തിടത്ത് നഴ്സിംഗ് അസിസ്റ്റന്റുമാർക്ക് ട്രെയിനിംഗ് നൽകി പഞ്ചകർമ്മ ചികിത്സയുമായി ബന്ധപ്പെട്ട പ്രവൃത്തികൾ ചെയ്യിക്കാറുണ്ട്.

(ബി) സീനിയോരിറ്റിയുടെ അടിസ്ഥാനത്തിൽ നഴ്സിംഗ് അസിസ്റ്റന്റുമാർക്ക് മാസിയറായി പ്രൊമോഷൻ നൽകിവരുന്നു.

(സി) അറ്റന്റർ—ഓഫീസ് സഹായിയായും ട്രഷറി ഡ്യൂട്ടി മറ്റ് അർഹതപ്പെട്ട ഡ്യൂട്ടികൾ എന്നിവയും ചെയ്തുവരുന്നു. നഴ്സിംഗ് അസിസ്റ്റന്റ്—ആശുപത്രി,

LIBRARY ARCHIVES Kerala Legislative Assembly

ഡിസ്പെൻസറി എന്നിവിടങ്ങളിൽ ഡോക്ടർ, ഫാർമസിസ്റ്റ്, നേഴ്സ് എന്നിവരുടെ സഹായിയായി ജോലി ചെയ്തുവരുന്നു.

(ഡി) പാർട്ട് ടൈം സ്വീപ്പർമാർക്ക് പ്രൊമോഷൻ നൽകുന്നതിനുള്ള വകുപ്പുകൾ നിലവിലുണ്ട്.

വള്ളിക്കുന്നം ഹോമിയോ ഡിസ്പെൻസറി

148 [2586] *ശ്രീ. എം. മുരളി:* താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ആലപ്പുഴ ജില്ലയിലെ വള്ളിക്കുന്നം ഗ്രാമപഞ്ചായത്തിൽ ഒരു ഹോമിയോ ഡിസ്പെൻസറി തുടങ്ങുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

പത്താം പഞ്ചവൽസര പദ്ധതിയിൽ ഹോമിയോപ്പതി വകുപ്പിനായി അംഗീകരിച്ച സ്കീമുകളിൽ പുതിയ ഡിസ്പെൻസറികൾ ആരംഭിക്കാൻ തുകയൊന്നും വകയിരുത്തിയിട്ടില്ലാത്തതിനാൽ ഇക്കാര്യം തൽക്കാലം പരിഗണിക്കാൻ നിർവ്വാഹമില്ല.

ആലപ്പുഴ ജില്ലയിലെ ഹോമിയോ ഫാർമസിസ്റ്റ് ഒഴിവുകൾ

149 [2587] *ശ്രീ. കോവൂർ കുഞ്ഞുമോൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹോമിയോ വകുപ്പിൽ ആലപ്പുഴ ജില്ലയിൽ ഫാർമസിസ്റ്റ് തസ്തികയിൽ എത്ര ഒഴിവുകളാണ് നിലവിലുള്ളത്;

(ബി) ഈ ഒഴിവുകൾ എന്നാണ് നിലവിൽ വന്നത്;

(സി) ഇവ പി. എസ്. സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ;

(ഡി) ഇല്ലെങ്കിൽ എന്നത്തേക്ക് റിപ്പോർട്ട് ചെയ്യുമെന്ന് അറിയിക്കുമോ?

ഉത്തരം

(എ) മൂന്ന് ഒഴിവുകൾ.

(ബി) യഥാക്രമം 1-2-2005, 21-5-2005, 30-6-2005 എന്നീ തീയതികളിൽ.

(സി) & (ഡി) ആദ്യത്തെ രണ്ട് ഒഴിവുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. അടുത്തത് ഉടൻതന്നെ റിപ്പോർട്ട് ചെയ്യുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly